അന്തർ സംസ്ഥാന കവർച്ചാസംഘങ്ങളെ അമർച്ച ചെയ്യുന്നതിന് നടപടി

10 (*160)ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന കവർച്ചാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിലും ശിക്ഷിക്കുന്നതിലും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും കള്ളക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും അയൽ സംസ്ഥാനങ്ങളിലെ അധികാരികളുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കള്ളക്കടത്തും, കുറ്റകൃത്യങ്ങളും തടയുന്നതിന് സംസ്ഥാന പോലീസിൽ പ്രത്യേക വിംഗ് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സംശയമുള്ളവരുടെ നടപ്പവസ്ഥ പരിശോധിക്കുകയും, സംസ്ഥാനത്തോട് ചേർന്നുകിടക്കുന്ന അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുമായി ഇടയ്ക്കിടെ ബന്ധപ്പെട്ട് ഇരുസംസ്ഥാനങ്ങളിലുമുള്ള കുറ്റവാളികളെ സംബന്ധിച്ച ആശയവിനിമയം നടത്തുകയും കുറ്റനിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കള്ളക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് അതിർത്തി ജില്ലകളിൽ പ്രത്യേക പട്രോളിംഗ് സംവിധാനവും, രഹസ്യവിവരങ്ങളും ശേഖരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുമായി ഇടയ്ക്കിടെ ബന്ധപ്പെട്ട് ഇരുസംസ്ഥാനങ്ങളിലുമുള്ള കുറ്റവാളികളെ സംബന്ധിച്ച് ആശയവിനിമയം നടത്തുകയും, കുറ്റനിവാരണമാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) കള്ളക്കടത്തും, കുറ്റകൃത്യങ്ങളും തടയുന്നതിന് ജില്ലകളിൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അന്തർസംസ്ഥാന ബന്ധമുള്ള കേസ്സുകളിൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്താറുണ്ട്. ഇതിനു പുറമേ അന്തർ സംസ്ഥാന ബന്ധമുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ആവശ്യമെന്നുകണ്ടാൽ പ്രത്യേക പോലീസ് ടീമുകൾ രൂപീകരിച്ചും അന്വേഷണം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly